പിന്നോക്ക-പട്ടികസമുദായ ക്ഷേമ പ്രവർത്തനത്തിനായി കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച തുക

158 [934] ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പിന്നോക്ക-പട്ടികസമുദായ ക്ഷേമ പ്രവർത്തനത്തിനായി 2001-02, 2002-03, 2003-04 എന്നീ വർഷങ്ങളിൽ കേന്ദ്ര സർക്കാരിൽ നിന്നും എത്ര തുക വീതം ലഭിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ കാലയളവിൽ ഓരോ വർഷവും സംസ്ഥാന ബഡ്ജറ്റിൽ ഈ വിഭാഗത്തിന് നീക്കിവച്ച തുക എത്ര എന്നും ഇതിൽ ഓരോ വർഷവും എത്ര തുക ചെലവാക്കി എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ, ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

പട്ടികവർഗ്ഗ ഉപപദ്ധതി

159 [935] ശ്രീ. എൻ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവർഗ്ഗ ഉപപദ്ധതി പ്രകാരമുള്ള കോർപ്പസ് ഫണ്ട് 2002-03, 2003-04, 2004-05-വർഷങ്ങളിൽ ഏതെല്ലാം സന്നദ്ധസംഘടനകൾക്ക് ഏതെല്ലാം പദ്ധതികൾക്കായി എത്ര രൂപ വീതം ചെലവഴിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) വയനാട് ജില്ലയിൽ നടപ്പിലാക്കുന്ന ഗിരിധാര പദ്ധതിക്ക് എന്ത് തുകയ്ക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ട് ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്ന ഏജൻസി ആരാണെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത ഏജൻസിയുടെ ഘടന വ്യക്തമാക്കുമോ ;

(ഇ) ഈ സന്നദ്ധ സംഘടനയിൽ സർക്കാർ ഉദ്യോഗസ്ഥൻമാർ അംഗങ്ങളായിട്ടുണ്ടോ; എങ്കിൽ അത് സർവീസ് ചട്ടങ്ങൾക്ക് വിരുദ്ധമാണോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സന്നദ്ധ സംഘടനകൾക്ക് പട്ടികവർഗ്ഗ ഉപപദ്ധതിപ്രകാരമുള്ള കോർപ്പസ് ഫണ്ടിൽ നിന്നും 2003-2004, 2004-2005 വർഷങ്ങളിൽ നാലു ലക്ഷം രൂപ വീതം നെടുമങ്ങാട് താലൂക്കിലെ ആദിവാസി മഹാസഭ എന്ന സംഘടനയ്ക്ക് തൊഴിൽ പരിശീലനത്തിന് വ്യവസായ യൂണിറ്റ് ആരംഭിക്കുന്നതിന് ധനസഹായം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly